## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി സ്മിതാ തോമസിന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.2879/2016/തസ്വഭവ തീയതി, തിരുവനന്തപുരം,15/10/2016.

---

പരാമർശം : 1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26/02/2015 ലെ ഇ 2-3785/14 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 06/04/2015 ലെ ഇ 5-35739/2016 നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി സ്മിതാ തോമസിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം അപേക്ഷ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി സ്മിതാ തോമസ് ക്ലാർക്കായി 28/02/2007 ൽ സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 18/02/2010 മുതൽ ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 21/01/2012 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 22/01/2012 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 23/01/2012 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി സ്മിതാ തോമസ് എം.ഓ. പി പരീക്ഷ വിജയിച്ച 21/01/2012 ന്റെ തൊട്ടടുത്ത ദിവസമായ 22/01/2012 ന് ടിയാളുടെ

ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 23/01/2012 വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)

സെക്രട്ടറി, മാഞ്ഞൂർ ഗ്രാമപഞ്ചായത്താഫീസ്, കോട്ടയം( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)

ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 164/ഇപിഎ 1/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ